# വൈവിധ്യമാർന്ന സംരംഭങ്ങൾ

സാഹിത്യത്തിലെ പരമോന്നത കേരള സർക്കാർ പുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം സി.രാധാകൃഷ്ണന് സമ്മാനിച്ചു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ ജനുവരി 3-ന് ആദരണീയനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനാണ് പുരസ്കാരദാനം നിർവ്വഹിച്ചത്. ബഹുമാനപ്പെട്ട സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ.എ.കെ.ബാലൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. "തീക്കടൽ കടഞ്ഞ് തിരുമധുരം" എഴുതിയ സി.രാധാകൃഷ്ണനുതന്നെ പുരസ്കാരം നൽകപ്പെട്ടു എന്നത് പല തലങ്ങളിൽ ഔചിത്യമുള്ള അനുഭവമായി മാറി. കേരളീയ സംസ്കാരത്തിന്റെ ഒരു ശ്രേഷ്ഠ പരിച്ഛേദം ചടങ്ങിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. അവാർഡുദാന പരിപാടികൾക്ക് നേതൃത്വം നൽകിയ കേരള സാഹിത്യ അക്കാദമിയെ സംബന്ധിച്ചേടത്തോളം ചടങ്ങ് ചാരിതാർത്ഥ്യജനകമായ ഒരു അനുഭവമായി മാറി.

ഇക്കാലയളവിനിടയിൽ എടുത്തു പറയത്തക്ക മറ്റൊരു സംഭവം കേരള സാഹിത്യ അക്കാദമിയും സംഗീതനാടകഅക്കാദമിയും ലളിതകലാ അക്കാദമിയും സംയുക്തമായി പൊതു വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് തൃശൂരിൽ ഹൈസ്ക്കൂൾ തലം വരെയുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച വിദ്യാരംഗം സർഗോത്സവമാണ്. ഡിസംബർ 27, 28, 29, 30 തീയ്യതികളിലായി നാലു ദിവസം നീണ്ടു നിന്ന കഥ, കവിത, പുസ്തകപരിചയം വിഭാഗങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള ക്യാമ്പിനാണ് അക്കാദമി നേതൃത്വം നൽകിയത്. വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകൾ വലിയ തോതിൽ പ്രകടമാക്കാനും, പ്രോത്സാഹിപ്പിക്കാനും പ്രസ്തുത ക്യാമ്പ് വഴിയൊരുക്കി. അക്കാദമി സംഘടിപ്പിക്കാറുള്ള പതിവു ക്യാമ്പുകളിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തമായിരുന്നു ഈ ക്യാമ്പ് എന്നതിനാൽത്തന്നെ ഭാവിയിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യത്തിൽ അക്കാദമിയെ സംബന്ധിച്ച് ചില അനുഭവപാഠങ്ങൾകൂടി നൽകാൻ ഈ സംരംഭത്തിനു കഴിഞ്ഞു. പൊതു വിദ്യാഭ്യാസ് ഡയറക്ടർ ശ്രീ.കെ.വി.മോഹൻകുമാർ ഐ.എ.എസിനോടും, വിദ്യാരംഗം പ്രവർത്തകരോടും അക്കാദമിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുകയാണ്.

ഡിസംബർ 22 വൈലോപ്പിള്ളിയുടെ ചരമദിനമായിരുന്നു. തൃശൂരിലെ വൈലോപ്പിള്ളി സ്മാരകസമിതിയുമായി ചേർന്ന് വിപുലമായ ഒരു പരിപാടിയിലൂടെ വൈലോപ്പിള്ളി സ്മരണ പുതുക്കാൻ അക്കാദമിക്കു കഴിഞ്ഞു. വൈലോപ്പിള്ളിയുടെ സഹധർമ്മിണി ഭാനുമതിയമ്മയടക്കം നിരവധി പ്രമുഖ വ്യക്തികൾ പരിപാടിയിൽ സംബന്ധിച്ചു.

അക്കാദമി നിർവ്വാഹകസമിതിയും അനുബന്ധസമിതികളും നിലവിൽ വന്നു. വിശദമായ പരിപാടികളുമായി അക്കാദമി മുന്നോട്ടു പോവുകയാണ്.

ഡോ. കെ.പി.മോഹനൻ
എഡിറ്റർ
(സെക്രട്ടറി, കേരള സാഹിത്യ അക്കാദമി)


## സാഹിത്യചക്രവാളം

സാഹിത്യ വാർത്താമാസിക

ജനുവരി 2017
പുസ്തകം 42 ലക്കം 4

വില: 10.00
വാർഷിക വരിസംഖ്യ 100 രൂപ


## ഉള്ളടക്കം


കഥയുടെ കാവ്യലാവണ്യം
*ആർ.വി.എം. ദിവാകരൻ* 7

'കൊഹിബ' ചുരുട്ടെരിഞ്ഞു തീരാതെ
*പി.എസ്. വിജയകുമാർ* 10

കലുഷകാലത്തെക്കുറിച്ചുള്ള വിപൽസൂചനകളുമായി പൊതുമണ്ഡലം
*ഡോ.പി.വി. പ്രകാശ് ബാബു* 14



**പത്രാധിപസമിതി**

**വൈശാഖൻ**
പ്രസിഡണ്ട്

**ഡോ. കെ.പി.മോഹനൻ**
സെക്രട്ടറി & എഡിറ്റർ

**വി. എൻ. അശോകൻ**
സബ് എഡിറ്റർ

**വിനയ്ലാൽ, ക്രിയ തൃശൂർ**
കവർ ഡിസൈൻ

**മധു കാര്യാട്ട്**
പ്രൂഫ്



*വിലാസം:*
കേരള സാഹിത്യ അക്കാദമി,
തൃശൂർ 680 020, ഫോൺ : 0487 2331069
E-mail: keralasahityaakademi@gmail.com
Web: keralasahityaakademi.org



Printed & Published by Dr. K.P. Mohanan on behalf of Kerala Sahitya Akademi, Thrissur - 680 020, and printed at Carmel Printers, Thrissur for Santhibhavan Press, Kannamkulangara, Thrissur, Kerala and Published at Thrissur, Thrissur District, Kerala State. Editor : Dr. K.P. Mohanan